# വീരാരാധന

വായനഭാഗം : ലൂക്കോസ് 19:1-10

ഇന്ന് ഈ വീടിന് രക്ഷ വന്നു (ലൂക്കോസ് 19: 9)

വീരാരധനയിൽ കൂടിയാണ് മനുഷ്യർ ദൈവമായി തീർന്നത്. സിനിമാ പ്രേമികൾ സിനിമാ താരങ്ങളെ ആരാധനാപാത്രങ്ങളാക്കി തീർക്കുന്നു. ജൂൺ 11-ാം തീയതിയിലെ മലയാള മനോരമയിൽ റഷ്യൻ യുവതി അലീന , ജയിലിൽ കഴിയുന്നതായുള്ള വാർത്ത വായിക്കു വാനിടയായി. തൊണ്ണൂറുകളുടെ ഒടുവിലാണ് അമിതാഭ്ബച്ചന്റെ ചിത്രങ്ങളിൽ ഈ യുവതി ആകൃഷ്ടയായിത്തീർന്നത്.അദ്ദേഹത്തോടുള്ള ആരാധനാമനോഭാവം വർദ്ധിച്ച് ഈ റഷ്യക്കാരി ഹിന്ദിയും പഠിക്കുകയു ായി.ശമ്പളത്തിൽ നിന്ന് മിച്ചം പിടിച്ച തുകയുമായി ഇന്ത്യയിൽ വന്ന് അദ്ദേഹത്തെ കാണുവാൻ അവൾ ആഗ്രഹിച്ചു.ലോകത്ത് താൻ സ്നേഹിക്കുന്ന ഏക വ്യക്തിയെ കാണുവാനാവശ്യമായ ര ായിരം ഡോളർ സമാഹരിക്കുവാൻ ലക്ഷ്യമിട്ട യുവതിക്ക് ലഹരിമരുന്നു കടത്തിയാൽ എളുപ്പം പണക്കാരി ആകാം എന്ന ആശയം സുഹൃത്തുക്കളിൽ നിന്നും ലഭിച്ചു . അമിതാഭിനെ കാണുവാനുള്ള ആഗ്രഹത്താൽ അത്തരമൊരു ശ്രമം നടത്തിയ അവൾ ജയിലിൽ എത്തിച്ചേർന്നു.ഏഴു വർഷത്തെ ജയിൽശിക്ഷ ലഭിച്ചഅവൾ ഇപ്പോഴും ജയിലിലാണ്. സൃഷ്ടിയെ ആരാധിച്ചവൾ ബന്ധിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു.

എന്നാൽ ഇന്നത്തെ വേദഭാഗത്തിൽ സക്കായിയുടെ ജീവിതത്തിലെ ആഗ്രഹവും, ആഗ്രഹത്തിന്റ അവസാനവും നോക്കുക.ചുങ്കക്കാരിൽ പ്രമാണിയും ധനവാനുമായിരുന്നു സക്കായി.(പേരിന്റെ അർത്ഥം നിഷ്കളങ്കൻ) ആളിൽ കുറിയവനായ സക്കായി യേശുവിനെ കാണുവാൻ അതിയായി ആഗ്രഹിച്ച് മുമ്പോട്ട് ഓടിയാണ് അത്തിയിൽ ബദ്ധപ്പെട്ടു കയറിയത്.ആളുകളുടെ ഉപദ്രവമില്ലാതെ കൂടുതൽ സമയം യേശുവിനെ കാണാം. കൂടാതെ അത്തിയുടെ ഇലയുടെ മറവിൽ തന്നെ യേശു കാണുകയും ഇല്ല എന്ന് സക്കായി കരുതിയിരുന്നു.എന്നാൽ സക്കായി യേശുവിനെ കാണുന്നതിനുമുമ്പ് യേശു സക്കായിയെ ക ിരുന്നു. അതുകൊ ാണ് അത്തിയുടെ കീഴിൽ വന്നപ്പോൾ യേശു മുകളിലേക്ക് നോക്കിയത്. ഇന്നും യേശുക്രിസ്തു അതുതന്നെയാണ് ചെയ്യുന്നത്.

തന്നെ കാണുവാനാഗ്രഹിക്കുന്നവരെ കാണുന്നദൈവം എത്ര വലിയവൻ. ശൂരീനുപോകുന്ന നീരുറവിന്റെ അരികിൽവച്ച് യഹോവയുടെ ദൂതൻ ഹാഗാറിനോട് സംസാരിക്കുമ്പോൾ അവൾ പ്രതികരിക്കുന്നത് എന്നെ കാണുന്നവനെ ഞാൻ ഇവിടെയും ക ുവോ എന്നാണ് (ഉല്പ.16.13) യഹൂദന്മാരുടെ കണ്ണിലെ കരടായ സക്കായിയുടെ ആഗ്രഹം മാനിച്ച യേശു അവന്റെ വീട്ടിലെത്തിയതുമാത്രല്ല അവന്റെ കുടുംബം മുഴുവൻ രക്ഷയുടെ സന്തോഷത്തിലേക്ക് വരുവാനും കാരണമായി

പ്രീയ സഹോദരങ്ങളേ , യേശുവിനെ സ്ലേഹിക്കുക , അവനെ അന്വേഷിക്കുക, നിശ്ചയമായും നീയുംനിന്റെ ഭവനവും രക്ഷപെടും


Sis. Shanthamma Varghese

ശാന്തമ്മ വറുഗീസ്